കേരള സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ്—പ്രാദേശിക തലത്തിലുള്ള പരിസ്ഥിതി ശോഷണം ഒഴിവാക്കുന്നതിനായി ജൈവ വൈവിധ്യ പരിപാലന സമിതികളെ നിയോഗിച്ച് ഉത്തരവാകുന്നു

പരിസ്ഥിതി (എ) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 04/13/പരി.** **തിരുവനന്തപുരം, 2013 മേയ് 13.**

സൂചന:—1. കേരള നിയമസഭയുടെ പരിസ്ഥിതി സമിതി (2006-2009) 19-7-2007-ൽ സമർപ്പിച്ച ഒന്നാമതു റിപ്പോർട്ട്.

2. 24-1-2012-ൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച 61/എ1/2012/കെ. എസ്. ബി. ബി. നമ്പർ കത്ത്.

3. 22-3-2013-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1/2013/പരി. നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്കു നിർമ്മാണശാലകൾമൂലം ഉണ്ടാകുന്ന പരിസര മലിനീകരണവും, പാരിസ്ഥിതിക പ്രശ്നങ്ങളും സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി വിശദമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് ഒന്നാമതു സൂചിപ്പിച്ചിരിക്കുന്നതിൽ, ഈ മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് തക്കസമയത്ത് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് മതിയായ അധികാരത്തോടെ ഒരു 'കാവൽ സംഘം' രൂപീകരിക്കുന്നത് നന്നായിരിക്കും എന്നു ശുപാർശ ചെയ്തിട്ടുണ്ട്. ഇത്തരം ചെറുതും, വലുതുമായ പാരിസ്ഥിതിക ശോഷണം യഥാവസരം തടയുന്നതിനും, നിയമാനുസൃത നടപടികൾ ഫലപ്രദമായ രീതിയിൽ സ്വീകരിക്കുന്നതിനും നിലവിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാത്രമേയുള്ളൂ. പരിസ്ഥിതി സംരക്ഷണത്തിനും, പാരിസ്ഥിതിക ശോഷണം ഉണ്ടാക്കുന്നതോ, ഉണ്ടാക്കാവുന്നതോ ആയ നടപടികൾക്ക് യഥാസമയം പ്രതിവിധി ഉണ്ടാക്കുന്നതിനായി, പരിസ്ഥിതി നിയമങ്ങളും, ചട്ടങ്ങളും, വിജ്ഞാപനങ്ങളും

GCPT. 3/2412/2013/DTP.

ലംഘിക്കപ്പെടുന്ന സംഭവങ്ങളിലും, പ്രാദേശിക തലത്തിൽ സംഭവിക്കുന്ന പാരിസ്ഥിതിക ശോഷണം പൊതുജനാരോഗ്യത്തിനും മനുഷ്യജീവനും ഭീഷണിയാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിലും ഉടനടി നടപടി സ്വീകരിക്കാനുതകുന്ന അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിൽ പരിസ്ഥിതി വകുപ്പിനു നേരിട്ടു സമർപ്പിക്കാനായി അതാതു സംഗതിയിൽ ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാർ, പ്രാഥമിക ആരോഗ്യകേന്ദ്രം/സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർമാർ, നഗരപ്രദേശങ്ങളിൽ ഹെൽത്ത് ഓഫീസർമാർ, പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ മൂന്നാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവുപ്രകാരം പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. അതാത് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മേൽപ്പറഞ്ഞ അധികാരികളെ കൃത്യസമയത്ത് അറിയിച്ച് നിയമാനുസൃത നടപടികൾ ഉറപ്പാക്കുന്നതിന് നിലവിൽ സംവിധാനങ്ങളൊന്നുമില്ല. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും 2002-ലെ ജൈവ വൈവിധ്യ നിയമപ്രകാരമുള്ള ജൈവവൈവിധ്യ പരിപാലന സമിതികൾ (Biodiversity Management Committee-BMC) രൂപീകൃതമായിട്ടുണ്ട്. നിയമാനുസൃതവും പരിസ്ഥിതി വിഷയത്തിൽ തന്നെ ചുമതലപ്പെട്ടതുമായ ഈ കമ്മിറ്റിക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ 'പരിസ്ഥിതി കാവൽ സംഘം' ആയി പ്രവർത്തിക്കുന്നതിനുള്ള ചുമതലകൂടി നൽകി സർക്കാർ ഇതിനാൽ ഉത്തരവാകുന്നു. ജൈവ വൈവിധ്യ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന ചുമതലകൾ കൂടാതെ ഗ്രാമ പഞ്ചായത്ത്തല 'പരിസ്ഥിതി കാവൽ സംഘം' എന്ന നിലയിൽ BMC കൾക്ക് താഴെപറയുന്ന നടപടികളും സ്വീകരിക്കവുന്നതാണ്:

(1) ഏറ്റവും താഴ്ന്ന തലത്തിൽ ജനകീയമായ പ്രാഥമിക പരിസ്ഥിതി പരിപാലനം, അതാത് ഗ്രാമ പഞ്ചായത്തുകളിലെ BMC കളുടെ ചുമതലയായിരിക്കുന്നതാണ്.

(2) പരിസ്ഥിതി നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവ ലംഘിക്കപ്പെടുന്ന എല്ലാ നടപടികളും, കൂടാതെ പാരിസ്ഥിതിക ശോഷണമോ, പൊതു ജനാരോഗ്യ പ്രശ്നമോ, മനുഷ്യജീവന് ഭീഷണിയോ സംജാതമാകുന്നതോ, ആകാവുന്നതോ ആയ സ്ഥിതിവിശേഷം മറ്റുവിധത്തിൽ ഉണ്ടാകുന്നപക്ഷം അക്കാര്യം ഉടനടി അതാതുസമയം അത്തരം കേസുകളിൽ നിയമാനുസൃത മേൽ നടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികളെ അറിയിക്കാനുള്ള ചുമതല അതാത് ബി.എം.സി. കളുടെതായിരിക്കുന്നതാണ്. ഇതിനായി മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(3) പഞ്ചായത്തിലെ പരിസ്ഥിതി പരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ച് പഞ്ചായത്ത് കമ്മിറ്റി മുഖേന നടപ്പാക്കുന്നതിനും പാരിസ്ഥിതിക അനുമതി വ്യവസ്ഥകൾ (ഉദാ: പാറമട, മണൽഖനനം, മുൻകൂർ പരിസ്ഥിതി അനുമതി നൽകപ്പെട്ടിട്ടുള്ള വികസന പദ്ധതികൾ) ലംഘിക്കപ്പെടുന്ന സംഭവങ്ങൾ, നിയമാനുസൃത അധികാരസ്ഥാനങ്ങളെ അതാതു സമയം അറിയിക്കുക.

(4) ആരോഗ്യകരമായ പരിസര സംരക്ഷണവും, ശുചിത്വവും ഉറപ്പാക്കാനായി ആവശ്യമായ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്നതിനു നേതൃത്വം നൽകുക.

(5) പഞ്ചായത്തിലെ ജലസ്രോതസ്സുകൾ അവയുടെ സ്വാഭാവിക സ്ഥിതിയിൽ നിലനിൽക്കുന്നു എന്നുറപ്പാക്കുകയും, പാരിസ്ഥിതിക ശോഷണം സംഭവിച്ചവ പുനരുജ്ജീവിപ്പിക്കുന്നതിനും, സുസ്ഥിര സംരക്ഷണം ഉറപ്പാക്കുന്നതിനും ജനകീയാടിസ്ഥാനത്തിലുള്ള പദ്ധതികൾ സംയോജിതമായി നടപ്പാക്കാൻ മുൻകൈ എടുക്കുക.

(6) വിശേഷാവസരങ്ങളിൽ പഞ്ചായത്ത്തല പരിസ്ഥിതി സംരക്ഷണ/ശുചീകരണ നടപടികൾക്കു മുൻകൈ എടുക്കുക.

(7) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ, പരിസ്ഥിതി സംഘടനകൾ, മറ്റ് സർക്കാരിതര സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ചേർന്ന്, പഞ്ചായത്ത് തല പരിസ്ഥിതി വിഷയങ്ങളെപ്പറ്റി ചർച്ചകൾ, സെമിനാറുകൾ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

(8) പഞ്ചായത്തിലെ പാരിസ്ഥിതിക അവസ്ഥ, പ്രകൃതി വിഭവങ്ങളുടെ അനധികൃത ചൂഷണം, ആവാസ വ്യവസ്ഥകളുടെ തൽസ്ഥിതി മുതലായ കാര്യങ്ങൾ നേരിട്ട് പരിശോധിച്ചറിഞ്ഞ് ബന്ധപ്പെട്ടവരെ അറിയിക്കുക.

(9) പ്രാഥമിക പരിസ്ഥിതി സംരക്ഷണ നടപടികൾ പഞ്ചായത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ച് ഗ്രാമസഭയിൽ അവതരിപ്പിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക.

(10) പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെടുന്ന സർക്കാർ പദ്ധതികൾ (ഉദാ: ജൈവകൃഷി, നാടൻ സസ്യ-ജന്തുവർഗ്ഗ സംരക്ഷണം, ഗാർഹിക മാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കൽ, മഴവെള്ള സംഭരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ, സൗരോർജ്ജം മുതലായവ) നടപ്പാക്കാനുള്ള പ്രചാരണവും, അവ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങളും.

3. 'പരിസ്ഥിതി കാവൽ സംഘം' എന്ന നിലയിൽ BMC കൾക്കു ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സഹായ സമിതികൾ (Technical Support Group) മുഖേന നൽകേണ്ടതാണ്.

4. പാരിസ്ഥിതിക വിഷയങ്ങളിൽ, ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി നടത്തുന്ന പരിശീലന, അവബോധ പരിപാടികളിൽ BMC കൾക്ക് നിയമാനുസൃതവും, ഈ ഉത്തരവിൻ പ്രകാരമുള്ളതുമായ കർത്തവ്യങ്ങൾ നടപ്പാക്കാനാവശ്യമായ പരിശീലന പദ്ധതികൾ ഉൾപ്പെടുത്തേണ്ടതാണ്.

5. ഈ ഉത്തരവിൻപ്രകാരം ബി.എം.സി.കളിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ/ പരാതികളിൻമേൽ മൂന്നാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 3-ലുള്ള പട്ടികയിൽ 4-ാം കോളത്തിൽ പരാമർശിക്കുന്ന, പ്രാദേശിക തലത്തിൽ ചുമതലപ്പെടുത്തപ്പെട്ട അധികാരികൾ, മുന്തിയ പരിഗണന നൽകി, മേൽ നടപടി സ്വീകരിക്കേണ്ടതും സർക്കാരിനു റിപ്പോർട്ട് ചെയ്യേണ്ടവയിൽ, ആവശ്യാനുസരണമുള്ള റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കേണ്ടതുമാണ്.

6. ഓരോ വർഷവും ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഏറ്റവും നല്ല ബി.എം.സി.ക്കും സംസ്ഥാനത്ത് ഏറ്റവും നല്ല പ്രവർത്തനം നടത്തിയ BMC യ്ക്കും 'ലോക പരിസ്ഥിതി ദിനത്തിൽ' മുഖ്യമന്ത്രിയുടെ ട്രോഫികൾ നൽകേണ്ടതാണ്. ഈ വിലയിരുത്തൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് നടത്തേണ്ടതും, കൂട്ടത്തിൽ ഈ സർക്കാർ ഉത്തരവുപ്രകാരം സ്വീകരിച്ച നടപടികളും, കണക്കിലെടുക്കേണ്ടതുമാണ്.

7. ജൈവവൈവിധ്യ നിയമം 45-ാം വകുപ്പുപ്രകാരം അതാതു ബി.എം.സി.കളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതിൽ, പഞ്ചായത്തുതല 'പരിസ്ഥിതി കാവൽ സംഘം' എന്ന നിലയിൽ അതാതു ബി.എം.സി. കളുടെ പ്രവർത്തന റിപ്പോർട്ടും ഉൾപ്പെടുത്താവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*പ്രിൻസിപ്പൽ സെക്രട്ടറി.*

ചെയർമാൻ, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം.

ചെയർമാൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം-4.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

മുനിസിപ്പൽ ഭരണ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ താലൂക്ക് തഹസിൽദാർമാർക്കും (ജില്ലാ കളക്ടർ മുഖേന).

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.

എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും.

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ മുഖേന).

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).

റവന്യൂ/വ്യവസായ/തദ്ദേശ സ്വയംഭരണ/ആരോഗ്യ/ആഭ്യന്തര വകുപ്പിന്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.